## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 655      28.09.2011-ൽ മറുപടിയ്ക്ക്

### ആശ്രിത നിയമനം

| ചോദ്യം<br><br>ശ്രീമതി. പി. അയിഷാ പോറ്റി: | ഉത്തരം<br><br>ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഇടുക്കി ജില്ലയിലെ കാന്തല്ലൂർ പ്രൈമറി ഹെൽത്ത് സെന്ററിൽ എൽ.ഡി.സി ആയിരുന്ന ഹരീഷ് എസ് -ന്റെ വിധവ എൻ.എസ്. സിനിതയുടെ ആശ്രിത നിയമന അപേക്ഷ ലഭിച്ചത് എന്നാണ്; പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് ശ്രീമതി. എൻ. എസ്. സിനിത സമർപ്പിച്ച അപേക്ഷ ആരോഗ്യ വകുപ്പു ഡയറക്ടറുടെ ശുപാർശയോടു കൂടി 25.03.2011 -ന് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയും മറ്റു രേഖകളും 30.03.2011 -ന് കൊല്ലം ജില്ലാ കളക്ടറുടെ റിപ്പോർട്ടിനായി അയച്ചിരിക്കുകയാണ്. |
| (ബി) അനാവശ്യ തടസവാദങ്ങൾ പറഞ്ഞ് പ്രസ്തുത അപേക്ഷ ഉദ്യോഗസ്ഥർ ചുവപ്പുനാടയിൽ കുരുക്കിയിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) വിധവയായ സിനിതയുടെ ആശ്രിത നിയമനത്തിനുള്ള അപേക്ഷയിൽ അടിയന്തിര തീർപ്പുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) കളക്ടറുടെ റിപ്പോർട്ട് ലഭിച്ചാലുടൻ ശ്രീമതി. സിനിതയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്ന കാര്യം നിലവിലുള്ള നിയമപ്രകാരം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ